# ശ്രീകൃഷ്ണ ഹൈസ്കൂൾ
# മറ്റത്തൂർ

## അക്കാദമിക്
## മാസ്റ്റർപ്ലാൻ

**2025–26**

## ആമുഖം

വലുപ്പം കൊണ്ടും ജനസംഖ്യ കൊണ്ടും തൃശൂർ ജില്ലയിലെ തന്നെ മുന്നിൽ നിൽക്കുന്ന മറ്റത്തൂർ എന്ന മലയോര ഗ്രാമത്തിലാണ് ശ്രീകൃഷ്ണ ഹൈസ്കൂൾ സ്ഥിതിചെയ്യുന്നത്. തെക്ക് കോടശ്ശേരി മലയും കിഴക്ക് ആനപ്പാന്തം കാടുകളും, വടക്ക് മുനിയാട്ടുകുന്നും മുപ്ലിപുഴയും, പടിഞ്ഞാറ് കുഴിക്കാണി പാടശേഖരവും അതിരിടുന്ന മനോഹരമായ ഭൂപ്രദേശമാണ് മറ്റത്തൂർ. കാർഷിക പാരമ്പര്യത്തിന്റെ കരുത്ത് തുടിക്കുന്ന ഈ മണ്ണിലാണ് വിദ്യാലയം സ്ഥിതിചെയ്യുന്നത്. സാംസ്കാരിക-സാമൂഹ്യ രംഗങ്ങളിൽ മികച്ച ഇടപെടലുകൾ എന്നും ഈ ഗ്രാമത്തിൽ നിന്ന് ഉണ്ടായിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ ഏറ്റവും വലിയ ഇടവകപള്ളിയായ സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ചർച്ച് വിദ്യാലയത്തിന് 50 മീറ്റർ പടിഞ്ഞാറു ഭാഗത്തായി സ്ഥിതിചെയ്യുന്നു. ഗ്രാമത്തിൽ ഏതുഭാഗത്ത് നിന്നും ഏറ്റവും എളുപ്പത്തിൽ എത്താൻ സാധിക്കുന്ന വിദ്യാലയമാണ് ശ്രീകൃഷ്ണ ഹൈസ്കൂൾ മറ്റത്തൂർ.

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | ശ്രീകൃഷ്ണ ഹൈസ്കൂൾ, മറ്റത്തൂർ |
| | വിലാസം | മൂന്നുമുറി, മറ്റത്തൂർ പി.ഒ., തൃശൂർ, പിൻ 680684 |
| | ഫോൺ | 0480 2740647 |
| 2 | സ്കൂൾ കോഡ് | 23038 |
| 3 | വിദ്യാഭ്യാസ ഉപജില്ല | ചാലക്കുടി |
| 4 | വിദ്യാഭ്യാസ ജില്ല | ഇരിങ്ങാലക്കുട |
| 5 | റവന്യൂ ജില്ല | തൃശൂർ |
| 6 | ബി.ആർ.സി. | പുതുക്കാട് |
| 7 | സി.ആർ.സി. | ജി.എൽ.പി.എസ്. മറ്റത്തൂർ |
| 8 | ഗ്രാമപഞ്ചായത്ത് | മറ്റത്തൂർ (വാർഡ് 22) |
| 9 | ബ്ലോക്ക് പഞ്ചായത്ത് | കൊടകര (വെള്ളിക്കുളങ്ങര ഡിവിഷൻ) |
| 10 | ജില്ലാ പഞ്ചായത്ത് | തൃശൂർ (അതിരപ്പിള്ളി ഡിവിഷൻ) |
| 11 | നിയമസഭാ മണ്ഡലം | പുതുക്കാട് |
| 12 | ലോകസഭാ മണ്ഡലം | തൃശൂർ |
| 13 | താലൂക്ക് | ചാലക്കുടി |
| 14 | വില്ലേജ് | മറ്റത്തൂർ |
| 15 | ഇ.മെയിൽ | sreekrishnamattathur@yahoo.com |

## വിദ്യാലയം 2025-26 അധ്യയനവർഷം

### അനുബന്ധ വിവരങ്ങൾ

| | |
|---|---|
| 1. ആകെ വിദ്യാർത്ഥികളുടെ എണ്ണം | 1212 |
| അഞ്ചാം ക്ലാസ്സ് | 103 |
| ആറാം ക്ലാസ്സ് | 118 |
| ഏഴാം ക്ലാസ്സ് | 142 |
| എട്ടാം ക്ലാസ്സ് | 284 |
| ഒമ്പതാം ക്ലാസ്സ് | 285 |
| പത്താം ക്ലാസ്സ് | 280 |
| 2. ആകെ അധ്യാപകരുടെ എണ്ണം | 60 |
| 3. ആകെ അനധ്യാപകരുടെ എണ്ണം | 6 |

## ലക്ഷ്യങ്ങൾ

1 ഗ്രാമീണ ജനതയുടെ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ടുള്ള ഉന്നത നിലവാരത്തിലുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക.

2 മാനവിക മൂല്യങ്ങൾ, സാങ്കേതിക വൈഭവം, വിജ്ഞാന വികാസം എന്നിവയിലൂന്നിയുള്ള അക്കാദമിക് പദ്ധതി വിജയകരമായി നടപ്പിൽ വരുത്തുക

3 വ്യത്യസ്തവും വൈവിധ്യവുമാർന്ന പ്രവർത്തനത്തിലൂടെ വിദ്യാർത്ഥികളുടെ നിലവാരം ഉയർത്തുക.

4 അക്കാദമിക് നേട്ടങ്ങൾ കൈവരിക്കുന്നതിനായി അധ്യാപനവും ഭൗതിക സാഹചര്യങ്ങളും കൂടുതൽ മെച്ചപ്പെട്ടതാക്കി മാറ്റുക.

## വിദ്യാലയത്തിന്റെ ചരിത്രം

മറ്റത്തൂർ പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റും നിയമസഭാംഗവും ആയിരുന്ന ശ്രീ. പൊലിയേടത്ത് കേശവമേനോനാണ് മറ്റത്തൂർ ശ്രീകൃഷ്ണ ഹൈസ്കൂൾ സ്ഥാപിച്ചത്. 1958 ൽ ഒരു അപ്പർ പ്രൈമറി വിദ്യാലയമായാണ് വിദ്യാലയത്തിന്റെ തുടക്കം. പിന്നീട് 1966 ൽ വിദ്യാലയം ഹൈസ്കൂളായി ഉയർത്തപ്പെട്ടു. വേർതിരിവുകളില്ലാതെ എല്ലാവിഭാഗം ജനങ്ങൾക്കും ഉന്നത വിദ്യാഭ്യാസം എന്ന ആശയം വിദ്യാലയം തുടക്കം മുതലേ ഉയർത്തിപ്പിടിച്ചിരുന്നു. പിന്നോക്ക വിഭാഗത്തിൽപ്പെട്ട ജനങ്ങൾ ധാരാളം അധിവസിക്കുന്ന ഗ്രാമത്തിൽ അവർക്ക് എന്നും ആശ്രയവും പ്രോത്സാഹനവുമായാണ് വിദ്യാലയം നിലകൊണ്ടത്.

ഗ്രാമത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന വിദ്യാലയവും പിന്നോക്ക വിഭാഗത്തിൽ നിന്ന് ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന വിദ്യാലയവും ശ്രീകൃഷ്ണ ഹൈസ്കൂളാണ്. ആദ്യകാലങ്ങളിൽ കുറവായിരുന്ന എസ്.എസ്.എൽ.സി. വിജയശതമാനം ഇപ്പോൾ പടിപടിയായി ഉയർന്ന് നൂറ് ശതമാനത്തിന്റെ തിളക്കത്തിൽ എത്തിനിൽക്കുന്നു. 1500 ൽ താഴെ കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ എല്ലാ വർഷവും മുന്നൂറിൽ താഴെ കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതാറുണ്ട്. സാമൂഹ്യ-സാംസ്കാരിക രംഗത്തും എന്നും മികച്ച ഇടപെടലുകൾ നടത്തിയിട്ടുള്ള വിദ്യാലയമാണ് ഇത്. പ്രശസ്ത സാംസ്കാരിക പ്രവർത്തകനും എഴുത്തുകാരനുമായ സിവിക് ചന്ദ്രൻ, ആത്മീയ രംഗത്തെ അറിയപ്പെടുന്ന വ്യക്തിത്വമായ സ്വാമി ബോധാനന്ദ സരസ്വതി, ശാസ്ത്ര രംഗത്ത് പുതിയ ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിച്ച് ശ്രദ്ധേയനായ വിദേശ സർവ്വകലാശാലകളിൽ വിസിറ്റിംഗ് പ്രൊഫസർ കൂടിയായ ജെസ്റ്റിൻ പോൾ, ഐ.എസ്.ആർ.ഒ.യിലെ ശാസ്ത്രജ്ഞനായ ഡോ. രാഘവൻ പാട്ടത്തിൽ തുടങ്ങിയവർ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളാണ്.

കലോത്സവങ്ങളിൽ കഴിഞ്ഞ 6 വർഷമായി സബ്ബ് ജില്ലാ ഓവറോൾ ചാമ്പ്യന്മാരാണ് ശ്രീകൃഷ്ണ ഹൈസ്കൂൾ. സാമൂഹ്യപരവും സാമ്പത്തികപരവും വിദ്യാഭ്യാസപരവുമായ ഈ നാടിന്റെ പുരോഗതിക്ക് പിന്നിലെ പ്രധാന ചാലകശക്തിയാണ് അന്നും ഇന്നും ഈ വിദ്യാലയം. 69 വർഷം പിന്നിടുന്ന ഈ വേളയിൽ വിദ്യാലയത്തിന്റെ ചരിത്രം അവലോകനം ചെയ്യാൻ ശ്രമിക്കുമ്പോൾ ഇതൾ വിരിയുന്നത് ഈ ഗ്രാമത്തിന്റെ സാമൂഹ്യപരവും സാമ്പത്തികപരവും വിദ്യാഭ്യാസപരവുമായ പുരോഗതിയുടെ ചരിത്രം കൂടിയാണ്.

## വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്

* അറിവിന്റെ വ്യാപനവും ശരിയായ സ്വഭാവത്തിന്റെ രൂപീകരണവും എന്ന ലക്ഷ്യത്തോട് കൂടിയുള്ള വിദ്യാഭ്യാസ കാഴ്ചപ്പാട് നടപ്പിലാക്കുക.
* വ്യത്യസ്ത കഴിവും അഭിരുചികളും ഉള്ളവർക്ക് വളർച്ചക്കുവേണ്ട സാഹചര്യങ്ങൾ ഒരുക്കുക.
* കലാ-കായിക-പ്രവൃത്തി പരിചയ രംഗത്ത് വിദ്യാർത്ഥികള്ക്ക് മികവ് തെളിയിക്കുന്നതിന് വേണ്ട അവസരങ്ങൾ സൃഷ്ടിക്കുക.
* പ്രകൃതിയെ സ്നേഹിക്കാനും സംരക്ഷിക്കാനും മറ്റ് മൂല്യങ്ങൾ സ്വായത്തമാക്കാനും വിദ്യാർത്ഥികളെ പ്രാപ്തമാക്കൽ

## നിലവിലെ അവസ്ഥാ വിശകലനം

### അക്കാദമികം - നേട്ടങ്ങൾ

കഴിഞ്ഞ വർഷങ്ങളിൽ തുടർച്ചയായി എസ്.എസ്.എൽ.സി. പരീക്ഷയിൽ 100 ശതമാനം വിജയം നേടാൻ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. മുന്നൂറിൽപരം വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. എഴുതുന്ന വിദ്യാലയം എന്ന നിലയിൽ മികച്ച നേട്ടമായി ഇതിനെ കാണുന്നു. പ്രത്യേകമായി നൽകുന്ന യു.എസ്.എസ്. സ്കോളർഷിപ്പ് പരിശീലനം കുട്ടികളെ ഉന്നത നിലവാരത്തിലേക്ക് എത്തിക്കുന്നുണ്ട്. സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം എല്ലാ വിദ്യാർത്ഥികൾക്കും ഉറപ്പുവരുത്തുന്നു. സബ് ജില്ലാ കലോത്സവങ്ങളിൽ കഴിഞ്ഞ 7 വർഷമായി ജനറൽ, സംസ്കൃതം, അറബിക് വിഭാഗങ്ങളിൽ ഓവറോൾ ചാമ്പ്യന്മാരാണ് ഈ വിദ്യാലയം. ക്രിക്കറ്റിൽ എല്ലാ വർഷവും വിവിധ കിരീടങ്ങൾ നേടാനും പ്രതിഭയുള്ളവരെ വളർത്തിക്കൊണ്ടുവരാനും വിദ്യാലയത്തിന് സാധിക്കുന്നുണ്ട്. ഹൈസ്കൂളിലെ എല്ലാ ക്ലാസ്സുകളും ഹൈടെക്ക് ക്ലാസ്സ് മുറികളാണ്. ഇതുകൂടാതെ പ്രത്യേകം തയ്യാറാക്കിയ സ്മാർട്ട് ക്ലാസ്സ് റൂം വിദ്യാലയത്തിനുണ്ട്. സൗരോർജ്ജ പാനലിൽ നിന്നുള്ള വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ഐ.ടി. ലാബ് സമൂഹത്തിന് തന്നെ മാതൃകയാണ്. പ്രവൃത്തി പരിചയമേളകളിൽ കഴിഞ്ഞ 10 കൊല്ലമായി എല്ലാ വർഷവും സംസ്ഥാനതല പങ്കാളിത്തം ഉണ്ട്.

### അക്കാദമികം - പരിമിതികൾ

100% വിജയത്തിളക്കത്തിലും ഡി+ കിട്ടുന്ന കുറച്ച് കുട്ടികൾ എസ്.എസ്.എൽ. സി.ക്ക് ഉണ്ടാവാറുണ്ട്. ഇത് പരിഹരിക്കേണ്ടതാണ്. യു.പി. ക്ലാസ്സ് റൂമുകൾ ഹൈടെക് നിലവാരത്തിലേക്ക് ഉയർന്നിട്ടില്ല. അക്കാദമിക് അച്ചടക്കം ഇനിയും ഉയർത്തേണ്ടതുണ്ട്. പഠന പുരോഗതിയിൽ വിദ്യാർത്ഥികൾക്കിടയിലെ അന്തരം പരിഹരിക്കേണ്ടതാണ്.

**മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ**

ഭാഷാശേഷി വികസനം -

ഇംഗ്ലീഷ് ഭാഷാപഠനം -

ഹിന്ദി ഭാഷാപ്രാവീണ്യം -

സംസ്കൃതം അസംബ്ലി -

ഉറുദു ഗസൽസന്ധ്യ -

ഗണിതശേഷി വികസനം -

ശാസ്ത്ര മുന്നേറ്റ പദ്ധതി -

സാമൂഹ്യ ശാസ്ത്രജ്ഞാനത്തിന്റെ വികാസം -

പഠനവഞ്ചി -

എസ്.എസ്.എൽ.സി. 100% ശ്രമം 100% ഫലം -

നാടകക്യാമ്പ് -

ജൈവ വൈവിധ്യപാർക്ക് -

വാഴയിലൂടെ ഒരു കൃഷിപാഠം -

ഹൗസ് പി.ടി.എ. കൾ -

ഗൃഹസന്ദർശനം -

ക്ലാസ്സ് പി.ടി.എ. ശാക്തീകരണം -

ഗിഫ്റ്റഡ് ചിൽഡ്രൻ -

എൻഹാൻസ്മെന്റ് പ്രോഗ്രാം -

ഐ.ടി.ലാബ് നവീകരണം -

വേസ്റ്റ് പേപ്പർ മാനേജ്മെന്റ് പ്രോഗ്രാം -

സ്കൂൾ പത്രം -

ക്വിസ്സ് ക്ലബ്ബ് -

പ്രവൃത്തി പരിചയ പഠനം -

സ്പോർട്സ് അക്കാദമിയിലൂടെ കായികപഠനവും പരിശീലനവും -

കലാശേഷി വികാസം -

ദിനാചരണങ്ങൾ -

ഗ്രന്ഥശാല ശാസ്തീകരണം -

സ്ത്രീ ശാസ്തീകരണം -

ചിത്രകല പ്രോത്സാഹന യജ്ഞം -

സ്കൗട്ട്, ഗൈഡ്, റെഡ് ക്രോസ് പ്രവർത്തനങ്ങൾ -

സ്കോളർഷിപ്പ് പരിശീലനം -

'തായ്ക്വോണ്ടോ' ആയോധന കലാപരിശീലനം -

ഫിലിം ഫെസ്റ്റ് -

ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ -

റിസോഴ്സ് പേഴ്സൺസ് ലിസ്റ്റ് -

റേഡിയോ പ്രക്ഷേപണം -

സൗരോർജ്ജ പാനൽ -

സിംഫണി കലാപരിശീലനം -

അബാക്കസ് പരിശീലനം -

## മലയാളം - അക്കാദമിക് മാസ്റ്റർ പ്ലാൻ യു.പി.

| പഠനലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|
| 1) എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം, ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | * അക്ഷരം ഉറപ്പിക്കൽ<br>* ചിഹ്നം ഉറപ്പിക്കൽ<br>* പദ നിർമ്മാണം<br>* വാക്യ നിർമ്മാണം |
| 2) പത്രവായന പരിപോഷിപ്പിക്കുക | * സ്കൂൾ അസംബ്ലിയിൽ പത്രവായന നിർബ്ബന്ധമാക്കൽ<br>* ക്ലാസ്സിൽ ഒരു പിരീഡ് പത്രവായനയ്ക്കും കുറിപ്പ് തയ്യാറാക്കുന്നതിനും മാറ്റിവെക്കുക |
| 3) ലേഖന നൈപുണി | * കോപ്പി പുസ്തകം<br>* കൈയക്ഷര മത്സരം<br>* കഥാരചന<br>* നിഘണ്ടു നിർമ്മാണം |
| 4) കുട്ടികളുടെ ആകാശവാണി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കാം | * വിശേഷദിനങ്ങളും ദിനാചരണങ്ങളുമായി<br>* കൈയക്ഷരമത്സരം നടത്തുക<br>* സ്കൂളിലെ പ്രധാന സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു.<br>* പുസ്തക പരിചയം |
| 5) കലാപരമായ കഴിവ് | * കുട്ടികളുടെ രചനകൾ സ്കൂളിൽ അവതരിപ്പിക്കാൻ അവസരം നൽകാം.<br>* നാടൻപാട്ടുകൾ<br>* കഥാവതരണം<br>* ചിത്രരചന |

## അക്കാദമിക് മാസ്റ്റർ സംസ്കൃതം-യു.പി. &ഹൈസ്കൂൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 1)ഭാരതത്തിലെ പൗരാണികവും ഔദ്യോഗികവുമായ ഭാഷകളിൽ ഒന്നാണ് സംസ്കൃതം. യു.പി., ഹൈസ്കൂൾ തലത്തിൽ കുട്ടികൾക്ക് അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | -അക്ഷരം എഴുത്ത്<br>-ചിഹ്നം ഉറപ്പിക്കൽ<br>-അക്ഷരകാർഡ്<br>-വാഗർത്ഥ കാർഡ്<br>-അക്ഷരമാലാ-പദകേളി-പദസൂര്യ-<br>-പദപ്രശ്ന കേളികൾ<br>-അക്ഷരമരം-പദ-കോശനിർമ്മാണം<br>-കാർട്ടൂൺ പ്രദർശനം<br>-പാട്ടുകളും കഥകളും | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് |
| 2)കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക-<br>വീട് ഒരു പരീക്ഷണശാല | -പറയാം പഠിക്കാം: ചിത്രകഥകൾ, ലഘുസംഭാഷണങ്ങൾ, നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക | സെപ്തം.<br>ഒക്ടോ<br>നവംബർ |
| 3)വായനാലോകം: കുട്ടിയെ വായനയുടെ പ്രാധാന്യം മനസ്സിലാക്കി വായനയുടെ ലോകത്തേക്ക് വരുവാൻ പ്രേരിപ്പിക്കുക | സംസ്കൃതം പുസ്തകങ്ങളുടെ ഗ്രന്ഥശാല നിർമ്മാണം, കഥാപുസ്തകം പരിചയപ്പെടുത്തൽ, വായിക്കാൻ പ്രേരിപ്പിക്കുക, രേഖപ്പെടുത്തുക, അനുമോദിക്കുക | ജൂൺ-<br>-മാർച്ച് |
| 4)കരിക്കുലം ലക്ഷ്യം വെക്കുന്ന സംസ്കൃതഭാഷാപഠനനേട്ടങ്ങൾ മത്സരപരീക്ഷകൾക്ക് തയ്യാറാക്കൽ | ക്ലബ്ബ് രൂപീകരണം, പഠനോപകരണ നിർമ്മാണം, കലണ്ടർ നിർമ്മാണം, ഗൃഹസന്ദർശനം, പഠനയാത്ര, ആനുകാലികങ്ങൾ വായിക്കുക, മാതൃകാപേപ്പറുകൾ, പ്രശ്നോത്തരി | ജൂൺ-<br>-മാർച്ച് |
| 5)ആസ്വാദനലോകം-ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കാനും സഭാകമ്പം നിവാരണം ചെയ്യുവാനും | നാടകം, കൂത്ത് മുതലായ കലകളുടെ പ്രദർശനം, പറയാനും പാടാനും അഭിനയിക്കാനും കഴിവുള്ള കുട്ടികൾക്ക് അവസരം നല്കുന്നു. ആസ്വാദനത്തിന്റെ-വാചികമായ-ആംഗികമായ സാധ്യതകൾ കുട്ടികളിലേക്ക് പകരുന്നു. മാസികമായി സാംസ്കാരിക | ജൂൺ- |

| | |
|---|---|
| | പരിപാടികൾ സംഘടിപ്പിക്കുന്നു. കുട്ടികളെ സംഘാടകരാക്കുന്നു. ആസ്വാദനത്തിന്റെ അളവുകൾ പരിചയപ്പെടുത്തുന്നു. -മാർച്ച് |
| 6)പ്രത്യേകപരിഗണന അർഹിക്കുന്നവർക്ക് വേണ്ടി | പ്രത്യേക പരിഗണന അർഹിക്കുന്നവർക്കു വേണ്ടി പഠനോപകരണങ്ങൾ, പ്രത്യേകം ക്ലാസ്സുകൾ, വ്യക്തി അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ, ഗൃഹസന്ദർശന. ക്ലാസ്സ്റൂം ആകർഷകമാക്കുന്നു, പെയിന്റിംഗ് ലൈബ്രറി സൗകര്യങ്ങൾ, പ്രത്യേക ആകർഷകമായ വിധത്തിൽ ഇരിപ്പിടങ്ങൾ. ഉച്ചാരണം, എഴുത്ത് എന്നിവ. ആവശ്യമായ പുറമെനിന്നുള്ളവരുടെ സഹായങ്ങൾ തേടി പഠനനിലവാരം കൂട്ടുന്നു. |

## അക്കാദമിക് മാസ്റ്റർ അറബിക് - യു.പി. & ഹൈസ്കൂൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം |
|---|---|---|
| 1)എഴുത്ത്:<br>-അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ<br>-എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | -അക്ഷരം എഴുത്ത്, ഹർക്കത്തുകൾ ഉറപ്പിക്കൽ<br>-ക്ലാസ്സ് കയ്യെഴുത്ത് മാസികകൾ നിർമ്മിക്കുന്നു മികച്ചവ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | ജൂൺ-<br>-മാർച്ച്<br>നവം.-<br>-ഡിസം. |
| -കാണുന്നതും കേൾക്കുന്നതും-ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് അറബിയിൽ പഠിക്കുക | -ഉപചാരവാക്കുകൾ, നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന അറബിക് പദങ്ങൾ വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക അറബിയിൽ തയ്യാറാക്കുക | ജൂൺ-<br>-മാർച്ച് |
| വായന:<br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക, വായനാശീലം വളർത്തുക നല്ല വായനക്കാരനാക്കുക | പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു, വായനാമൂല സ്ഥാപിക്കുന്നു. കവിതകൾ, കഥകള, ചിത്രകഥകൾ അടങ്ങിയ ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു. | ജൂൺ-<br>-നവം. |
| -പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുവേണ്ടി | -വ്യക്തി അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ നൽകുക, ഗൃഹസന്ദർശനം നടത്തുക ക്ലാസ്സ് റൂം ആകർഷകമാക്കുക | ജൂൺ-<br>-മാർച്ച് |
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാപഠനനേട്ടങ്ങൾ<br>മത്സരപരീക്ഷകൾക്ക് തയ്യാറാക്കൽ | ക്ലബ്ബ് രൂപീകരണം, പ്ലക്കാർഡുകൾ പദകേളി, പദപ്പയറ്റ്, പോസ്റ്ററുകൾ തയ്യാറാക്കുക | ജൂൺ-<br>-മാർച്ച് |
| ആസ്വാദനശേഷി വർദ്ധിപ്പിക്കുക പ്രതിഭകളെ കണ്ടെത്തുക,സഭാകമ്പം നിവാരണം ചെയ്യുക | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു, സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു | ജൂലൈ-<br>-ആഗസ്റ്റ് |
| അറബിക് ലാംഗ്വേജ് ലാബ് | തനതായ അറബിഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുക | ഡിസം. |

## അക്കാദമിക് മാസ്റ്റർ - ഉർദു

| | | |
|---|---|---|
| 1 | മീഠി ആവാസ് വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, ബാലമാസികകൾ ഉർദു പത്രങ്ങൾ, വായന കാർഡുകൾ തുടങ്ങിയവ വായനയ്ക്ക് ലഭ്യമാക്കൽ |
| 2 | കൈയെഴുത്ത് മാഗസിൻ | രചനാശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗിയുള്ള തുമായ കൈയെഴുത്ത് എന്നീ ലക്ഷ്യ പൂർത്തീകരണ ത്തിനും കുട്ടികളുടെ സർഗ്ഗാത്മകത വളർത്തുന്നതിനും വേണ്ടി : കൈയെഴുത്ത് മാസിക, ചുമർപത്രിക നിർമ്മാണം, വായന കാർഡ് നിർമ്മാണം |
| 3 | ഉർദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ, പ്രിന്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ |
| 4 | ഉർദുപത്രം | ക്ലാസ്തല വാർത്തകളും വിദ്യാലയ വാർത്തകളും ഉൾപ്പെടുത്തി പത്രം തയ്യാറാക്കൽ |
| 5 | ഓൺലൈൻ ഡിജിറ്റൽ മാഗസിൻ | കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാഗസിൻ തയ്യാറാക്കൽ |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear- ലളിതവും രസകരവുമായ ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Missing Man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ റോൾ ഏറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് നിധി ഒളിപ്പിക്കുന്നു. ഓരോ ടീമുകൾക്കും സൂചന നൽകി സൂചനകളിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | Meet the Foreigner [illegible] | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show [illegible] | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) [illegible] | I Too Can !! [illegible] | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder [illegible] | [illegible] | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M. Corner [illegible] Reader's Theatre [illegible] | [illegible] ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month [illegible] Reader of the Month [illegible] | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |
| | Alert Zone സൂചനാ ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് മുറികളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ | |
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്യങ്ങൾ ഒറ്റപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയികളായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | |
| | Fun time Funda കടംകഥകൾ, ക്വിസ് ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകർ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥാപാത്രം, കഥയെഴുത്ത് ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷമായി ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ. ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി / ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

## അക്കാദമിക് മാസ്റ്റർപ്ലാൻ - ഇംഗ്ലീഷ്

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, അറബിക്, ഉറുദു, സംസ്കൃതം എന്നീ അഞ്ച് ഭാഷകൾ നമ്മുടെ വിദ്യാലയത്തിൽ പഠിപ്പിക്കുന്നുണ്ട്. ഇംഗ്ലീഷ് രണ്ടാം ഭാഷയായാണ് പഠിപ്പിക്കുന്നത്. 1400 കുട്ടികൾ പഠിക്കുന്ന നമ്മുടെ വിദ്യാലയത്തിൽ ഭൂരിപക്ഷം കുട്ടികളുടെയും പഠനമാധ്യമം ഇംഗ്ലീഷാണ്. ഇംഗ്ലീഷ് ഭാഷയിലെ പ്രാവീണ്യം അറിവിന്റെ അളവുകോലായി ഇന്നത്തെ കാലത്ത് പരിഗണിക്കപ്പെടുന്നു. സൈബർ ലോകത്തെ വ്യവഹാരഭാഷ എന്ന നിലയ്ക്കും ഇംഗ്ലീഷ് ഭാഷയെ ലോകഭാഷ എന്ന് പറയാവുന്നതാണ്. വിശാലമായ അറിവിന്റെ ലോകത്തേക്കുള്ള താക്കോലാണ് ഇംഗ്ലീഷ് ഭാഷ. ഇംഗ്ലീഷ് സാഹിത്യലോകത്തേക്കുള്ള പടിവാതിലാണ് ഹൈസ്കൂൾ ക്ലാസ്സുകളിലെ ഇംഗ്ലീഷ് പഠനം.

### ഭാഷാപഠനം നേരിടുന്ന പ്രതിസന്ധികൾ

നമ്മുടെ വിദ്യാലയത്തിലെ ഭൂരിപക്ഷം വിദ്യാർത്ഥികളുടെയും പഠനമാധ്യമം ഇംഗ്ലീഷ് ഭാഷയാണെങ്കിലും അത് പൂർണ്ണമായ അർത്ഥത്തിൽ ക്ലാസ്സ് റൂമുകളിൽ നടപ്പിൽ വരുത്തുവാൻ കഴിഞ്ഞിട്ടില്ല. അധ്യാപകർ തമ്മിലും അധ്യാപകരും കുട്ടികളും തമ്മിലുള്ല സംഭാഷണങ്ങളെല്ലാം തന്നെ മാതൃഭാഷയിലാണ്. വിവിധ ഭാഷാശേഷികൾ നേടുന്നതിനും പ്രയോഗിക്കുന്നതിനുമുള്ള വിദ്യാലയ സാഹചര്യങ്ങൾ കുറവാണ്. ഇംഗ്ലീഷ് സാഹിത്യത്തിലേക്ക് കുട്ടികളെ പരിചയപ്പെടുത്തുന്നതിന് മിതമായ അവസരങ്ങൾ മാത്രമാണ് ലഭിക്കുന്നത്. ഭൂരിപക്ഷം കുട്ടികളുടെയും കുടുംബ-സാമൂഹ്യ പശ്ചാത്തലം ഇംഗ്ലീഷ് ഭാഷ കേൾക്കുന്നതിനോ, വായിക്കുന്നതിനോ ഉപയോഗിക്കുന്നതിനോ സാഹചര്യമുള്ളതല്ല.

### പ്രവർത്തനം-1

### സംസാരഭാഷയിൽ പ്രത്യേക പരിശീലനം

അക്കാദമിക മികവ് പ്രദർശിപ്പിക്കുന്ന കുട്ടികൾ പോലും ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉള്ളവരല്ല. ഈ പ്രശ്നം പരിഹരിക്കുന്നതിന് വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും ആഴ്ചയിൽ രണ്ടുദിവസം ഓരോ പിരീഡ് കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനം നൽകുന്നു. പ്രത്യേക പരിശീ

ലനം ലഭിച്ച അധ്യാപകരുടം നേതൃത്വത്തിൽ പ്രവർത്തനങ്ങളിൽ അധിഷ്ഠിത മായ പരിശീലനമാണ് നൽകുന്നത്.

പ്രവർത്തനം-2

ഇംഗ്ലീഷ് അസംബ്ലി

എല്ലാ ബുധനാഴ്ചകളിലും ഇംഗ്ലീഷ് നടത്തിവരുന്നു. പ്രാർത്ഥനാഗാനം, വാർത്ത കൾ, ചിന്താവിഷയം, പ്രധാന അറിയിപ്പുകൾ തുടങ്ങിയവയെല്ലാം ഇംഗ്ലീഷിലാണ് നൽകുന്നത്. വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷ കേൾക്കുന്നതിനും മനസ്സിലാ ക്കുന്നതിനും ഈ പ്രവർത്തനം അവസരം നൽകുന്നു.

പ്രവർത്തനം-3

ഇംഗ്ലീഷ് ക്ലബ്ബ്

ഇംഗ്ലീഷ് ഭാഷയോട് പ്രത്യേക താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി ഇംഗ്ലീഷ് ക്ലബ്ബ് രൂപീകരിച്ച് പ്രവർത്തിക്കുന്നു. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകളെ പരി പോഷിപ്പിക്കുന്നതിനും അവതരിപ്പിക്കുന്നതിനും ഇംഗ്ലീഷ് ക്ലബ്ബ് പ്രവർത്തനങ്ങൾ അവസരം നൽകുന്നു. ഒരു മാസത്തിൽ ഒരു ദിവസം ഒരു മണിക്കൂർ സമയ മാണ് ഇംഗ്ലീഷ് ക്ലബ്ബ് പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നത്.

പ്രവർത്തനം-4

ഇംഗ്ലീഷ് വൊക്കാബുലറി ആക്ടിവിറ്റി

ഇംഗ്ലീഷ് പരിജ്ഞാനത്തിന്റെ ഒരു അളവുകോൽ Active English Vocabulary യുടെ എണ്ണമാണ്. വിദ്യാർത്ഥികളിൽ ഇംഗ്ലീഷ് വാക്കുകളുടെ ശേഖരം വർദ്ധി പ്പിക്കാൻ എല്ലാ ആഴ്ചയിലും അഞ്ച് പുതിയ ഇംഗ്ലീഷ് വാക്കുകളും അർത്ഥവും ഉപയോഗവും കുട്ടികളെ പരിചയപ്പെടുത്തുന്നു. വർഷാവസാനം കുട്ടികളിൽ ഈ വാക്കുകളുടെ അറിവ് പരിശോധിച്ച് മികവ് പ്രകടിപ്പിച്ച കുട്ടികളെ ആദരിക്കു ന്നു.

പ്രവർത്തനം-5

ഇംഗ്ലീഷ് ഫെസ്റ്റിവൽ

ഉപന്യാസമത്സരം, കഥാരചന, കവിതാരചന, പദ്യപാരായണം, പ്രസംഗമത്സരം തുടങ്ങിയവ ഉൾപ്പെടുത്തി ഒരു അവധിദിവസം ഇംഗ്ലീഷ് ഫെസ്റ്റിവൽ നടത്തുന്നു. വിദ്യാർത്ഥികളുടെ വിവിധ ഭാഷാശേഷികൾ വികസിപ്പിക്കാനും വിലയിരുത്താനും ഇംഗ്ലീഷ് ഫെസ്റ്റിവൽ സഹായകരമാകുന്നു.

പ്രവർത്തനം-6

പുസ്തക ആസ്വാദനകുറിപ്പ് മത്സരം

വിദ്യാർത്ഥികൾക്ക് വായിച്ച് ആസ്വാദനകുറിപ്പ് എഴുതുന്നതിന് വേണ്ടി പ്രത്യേകം പുസ്തകങ്ങൾ നിർദ്ദേശിക്കുന്നു. മികച്ച ആസ്വാദനകുറിപ്പിന് സമ്മാനം നൽകുന്നു.

പ്രവർത്തനം-7

ഇംഗ്ലീഷ് കൈയെഴുത്ത് മാസിക

വിദ്യാർത്ഥികളുടെ സർഗ്ഗസൃഷ്ടികൾ ശേഖരിച്ച് വർഷാവസാനം കൈയെഴുത്ത് മാസിക പ്രസിദ്ധീകരിക്കുന്നു.

## അക്കാദമിക് മാസ്റ്റർ ഹിന്ദി - ഹൈസ്കൂൾ

**പൊതുവായ ലക്ഷ്യങ്ങൾ:**

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക

* ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക

* ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക

* ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാസ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക

* ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

**എട്ടാം തരം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു, ഉച്ചാരണം പരിചയപ്പെടുത്തുന്നു<br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു<br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ഹ്രസ്വം<br>ജൂൺ-<br>-ജൂലൈ |
| ആഴ്ചയുടെ പേരുകൾ, എണ്ണങ്ങൾ<br>എന്നിവ പരിചയപ്പെടുത്തുന്നു | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടെയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു<br>വർക്ക്ഷീറ്റുകൾ നൽകുന്നു, ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യ കാലം<br>ആഗ.<br>-സെ. |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു<br>വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു<br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനക്കായി നൽകുന്നു. | ഡിസം-<br>-ജനു. |

കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച്
ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു

**ഒമ്പതാം തരം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ഹ്രസ്വം ജൂൺ- -ജൂലൈ |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. ചെറിയ മുദ്രാ -സെപ്തം വാക്യങ്ങൾ എഴുതുവാൻ അറിയുന്നു | ചാർട്ടുകൾ നൽകുന്നു. അതിൽനിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. കഥ, കവിത പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു | മധ്യം ആഗ. ബർ |
| പോസ്റ്റർ തയ്യാറാക്കുവാൻ അറിയുന്നു കവിത വായിച്ച് ആസ്വാദനകുറിപ്പ് തയ്യാറാക്കുവാൻ അറിയുന്നു | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസിൽ പ്രദർശിപ്പിച്ച് മൂല്യനിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദന കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം ഡിസം ബർ- നവം. |

**പത്താം തരം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഭാഷാ വസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു | ഹ്രസ്വം ജൂൺ- ജൂലൈ |

| | | |
|---|---|---|
| സാഹിത്യാഭിരുചി വളർത്തുക ഹിന്ദി ഹിന്ദി വാരാഘോഷസമയത്ത് കലോത്സവം മികച്ച രീതിയിൽ നടത്തുന്നു കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു | മധ്യം ഓഗസ്റ്റ് സെപ്തംബർ- ഒക്ടോ. |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയാക്കി മാറ്റുവാനറിയുന്നു. സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. ഡയറി എഴുതുവാൻ അറിയുന്നു | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്ര കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം നവം. ജനു. |

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

### ഹിന്ദി

1) എല്ലാ കുട്ടികൾക്കും അക്ഷരങ്ങൾ ഉറപ്പിക്കൽ

2) ക്ലാസ്സിൽ അക്ഷരമാല കാർഡുകൾ പ്രദർശിപ്പിക്കൽ, വാക്കുകൾ എഴുതിയ കാർഡുകൾ സെലക്ട് ചെയ്ത് വായിപ്പിക്കൽ

3) അക്ഷരചാർട്ട് പുസ്തകം വായിപ്പിക്കൽ

4) ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനും ഉള്ള അവസരം

5) ഹിന്ദി അസംബ്ലി, ദിനാചരണങ്ങൾ

6) ഹിന്ദി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഹിന്ദി സിനിമ കാണിച്ച് ഭാഷ ഇഷ്ടപ്പെടുത്താം. (ക്ലാസ്സുകളെ ബാധിക്കാത്ത രീതിയിൽ)

7) ഹിന്ദി എന്നും തിയ്യതി ഇട്ട് കോപ്പി എഴുതി അത് വായിച്ച് അർത്ഥം പറയാൻ ഉള്ള അവസരം ഉണ്ടാക്കാം

8) പത്തിൽ ജനുവരിയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കൂടുതൽ ക്ലാസ്സ് കൊടുത്ത് അവരെ ഇരുത്തി പഠിപ്പിക്കാനും തീരുമാനിച്ചു.

9) പുസ്തക പ്രദർശനം

10) വായന മത്സരം, എഴുത്ത് മത്സരം

11) ദിനാചരണത്തോടനുബന്ധിച്ച് ക്വിസ്സ് മത്സരം

12) കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ മനസ്സിലാക്കി വർഷാവസാനം മാഗസിൻ തയ്യാറാക്കൽ

13) സുരീലി ഹിന്ദിയുമായി പ്രവർത്തനങ്ങൾ

14) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഒരു മണിക്കൂർ (രാവിലെ/വൈകീട്ട്) സ്പെഷ്യൽ കോച്ചിംഗ്

## അക്കാദമിക് മാസ്റ്റർപ്ലാൻ - സാമൂഹ്യശാസ്ത്രം

സാമൂഹ്യശാസ്ത്ര ലാബ് - കുട്ടികളിൽ സാമുഹ്യശാസ്ത്ര പഠനം എളുപ്പമാക്കാനാവശ്യമായ ഭൂപടം, ഗ്ലോബ്, ദിശാസൂചിക, വിവിധ തലത്തിലുള്ള ചിത്രങ്ങൾ, നിർമ്മിതികൾ ഇവ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ലാബ് തയ്യാറാക്കണം.

പഠനയാത്രകൾ

ചരിത്രപരമായ ശേഷിപ്പുകൾ, പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങൾ എന്നിവ സന്ദർശിച്ച് കുട്ടികളിൽ ചരിത്രപ്രാധാന്യം, പരിസ്ഥിതി സംരക്ഷണം എന്നീ ബോധങ്ങൾ വളർത്താം.

മോക്ക് പാർലമെന്റ്

തിരഞ്ഞെടുപ്പിന്റെ വിവിധ തലങ്ങളും രീതികളും പരിചയപ്പെടുത്തുന്നതിനായി സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി ഒരു മോക്ക് പാർലമെന്റ് സംഘടിപ്പിക്കാം. പാർലമെന്റ് വീഡിയോ പ്രദർശനവും നടത്താം.

പൈതൃകമ്യൂസിയം

ഇന്നത്തെ തലമുറയ്ക്ക് അത്യാവശ്യമായ നിരവധി വസ്തുക്കൾ നമ്മുടെ പൂർവ്വികർ ഉപയോഗിച്ചിരുന്നു. അവയെല്ലാം പരമാവധി ശേഖരിച്ച് ഒരു പൈതൃക മ്യൂസിയം അവതരിപ്പിക്കാം.

സിനിമ റൂം

പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ് സംവാദം എന്നിവയ്ക്കായി വീഡിയോ പ്രദർശനം, ചരിത്ര-ആനുകാലിക പ്രസക്തിയുള്ള സിനിമകൾ പ്രദർശിപ്പിക്കുന്നു.

വെർച്വൽ ഫീൽഡ് ട്രിപ്പ്

ICJ സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു.

<u>ദിനാചരണങ്ങൾ</u>

ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ, പഠന പ്രവർത്തനം സംഘടിപ്പിക്കൽ

<u>പ്രാദേശിക ചരിത്രാവബോധം</u>

സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ, വ്യക്തികൾ, ചരിത്രസ്മാരകങ്ങൾ എന്നിവിടങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുകയും പ്രാദേശിക ചരിത്രരചന നടത്തുകയും ചെയ്യാം.

## സോഷ്യൽ സയൻസ് - അക്കാദമിക് മാസ്റ്റർ പ്ലാൻ യു.പി. 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ | Virtual Field Trip<br>ICTസാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക ക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാ- അടിസ്ഥാനതലം മനസ്സിലാക്കുന്നു. |
| വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗത്തെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക | ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം<br>സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. (വർഷത്തിൽ ഒരു പ്രാവശ്യം) |
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദ്ദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു<br>കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ, | പുതുചക്രവാളത്തിലേക്ക്<br>മത്സര പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന നിമിഷനേരം ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നു. |
| സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ<br>അറ്റ്ലസുകൾ തുടങ്ങിയവ ക്ലാസ്സ് ലൈബ്രറി, | ലൈബ്രറി കോർണർ<br>അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ തുടർന്ന് ക്ലാസ് ലൈബ്രറിയിൽ ആഴ്ചയിൽ 1 തവണ എന്ന രീതിയിൽ വിതരണം |

| | | |
|---|---|---|
| പ്രാദേശിക ചരിത്രാവബോധം സൃഷ്ടിക്കുന്നതിനായി പഠനയാത്രകൾ സംഘടിപ്പിക്കുന്നു | സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്ര സ്മാരക-ങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | കാലം<br>വർഷത്തിൽ ഒരു തവണ |
| വിവിധ ശേഷികളുടെ വികാസം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ, പഠന പ്രവർത്തനമായി സംഘടിപ്പിക്കൽ | കാലം<br>ജൂൺ-മാർച്ച് |

## ഫിസിക്കൽ സയൻസ് - അക്കാദമിക് മാസ്റ്റർ പ്ലാൻ ഹൈസ്കൂൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) കൗതുകം, ജിജ്ഞാസ, നിരീക്ഷണം | സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, പരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു. | അക്കാദ മിക് വർഷം | സയൻസ് ടീച്ചർമാർ |
| 2)നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവര ങ്ങൾ വിശകലനം ചെയ്യാൻ കഴിയുകയും ചെയ്യുന്നു | ശാസ്ത്രജ്ഞരെ പരിചപ്പെടുത്തുക വഴി കണ്ടുപിടുത്തങ്ങൾ കുട്ടികളി ലേക്ക് എത്തിക്കാൻ കഴിയുന്നു, സ്കൂൾ അസംബ്ലിയിൽ ആഴ്ചയിൽ ഒരുദിവസം കുട്ടികൾ അവതരിപ്പിക്കുന്നു | അക്കാദമിക് വർഷം | സയൻസ് ടീച്ചർമാർ |
| 3)മാനവികതയിൽ ഊന്നി | സയൻസ്ലാബ് ആധുനികവത്കരി ക്കുന്നു, കുട്ടികളുടെ ശാസ്ത്രമാസിക പ്രസിദ്ധീകരണം, സയൻസ് ക്ലബ്ബ് എനർജി ക്ലബ്ബ് എന്നിവയുടെ ആഭി മുഖ്യത്തിൽ ചെയ്യുന്നു | അക്കാദമിക് വർഷം | സയൻസ് ടീച്ചർമാർ |
| 4)പരിസ്ഥിതി സൗഹൃദ മനോഭാവം | ക്ലീൻ കാമ്പസ്, സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ക്ലബ്ബ് പ്രവർത്തനം | അക്കാദമിക് വർഷം | സയൻസ് ടീച്ചർമാർ |
| 5)വൈജ്ഞാനിക ബഹിർ സ്ഫുരണം-അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ | ബഹിരാകാശയാത്രികരെക്കുറിച്ച് സെമിനാർപേപ്പർ, പത്താംക്ലാസ്സിലെ ടെലസ്കോപ്പ് നിർമ്മാണം, സയൻസ് ക്ലബ്ബ് നേതൃത്വത്തിൽ ഗ്രൂപ്പുകളായി കുട്ടികൾ ഒത്തുചേരുന്നു, YIP പുത്തൻ സാങ്കേതികവിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുത്തുന്നു | അക്കാദമിക് വർഷം | സയൻസ് ടീച്ചർമാർ |

## അക്കാദമിക മാസ്റ്റർ പ്ലാൻ യു.പി. അടിസ്ഥാനശാസ്ത്രം

| പൊതുവായ ലക്ഷ്യം | അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ |
|---|---|
| 1) ശാസ്ത്രീയ അറിവ് കൈവരിക്കുക | * ലാബ് പരീക്ഷണങ്ങൾ നടത്തുക |
| | * മൈക്രോസ്കോപ്പിന്റെ ഉപയോഗക്രമം- ഭാഗങ്ങൾ പരിചയപ്പെടൽ - വിവിധ കോശഭാഗങ്ങൾ നിരീക്ഷണം |
| 2) പ്രകൃതിദൃശ്യങ്ങളോടുള്ള കൗതുകം വളർത്തുക | * പ്രകൃതി സഞ്ചാരങ്ങൾ (പച്ചക്കറിതോട്ടം, പ്രദേശത്തെ പുഴ, കാട് എന്നിവ സന്ദർശനം) |
| | * ജൈവവൈവിധ്യ നിരീക്ഷണം, ചിത്രങ്ങൾ കാണിച്ച് 'ഇത് എന്താണ്?' എന്ന തലക്കെട്ടിൽ ചർച്ച നടത്തൽ |
| 3) ശാസ്ത്രത്തെ യഥാർത്ഥ്യത്തിൽ പ്രയോഗിക്കാൻ പരിശീലിപ്പിക്കുക | * വീട്ടിൽ ഉണ്ടാകുന്ന ശാസ്ത്രീയ ഘടങ്ങൾ കണ്ടെത്തൽ (പാചകം, തണുത്ത/ചൂടുള്ള വസ്തുക്കൾ) |
| | * പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട മാതൃകകൾ തയ്യാറാക്കൽ |
| 4) പരിസ്ഥിതി സൗഹൃദപ്രവർത്തനങ്ങളിൽ പങ്കാളികളാവുക | * പ്ലാസ്റ്റിക്കിന്റെ പുനരുപയോഗം, ജൈവവള നിർമ്മാണം, ജൈവ കീടനാശിനി നിർമ്മാണം, വിദ്യാർത്ഥികൾക്ക് 'പരിസ്ഥിതിദിന പതിപ്പ്' നൽകൽ |
| 5) വ്യക്തിശുചിത്വം-പരിസരശുചിത്വം അവബോധം ഉണ്ടാക്കുക | * വ്യക്തിശുചിത്വവും പരിസരശുചിത്വവും ബോധ്യപ്പെടുത്താൻ ക്ലാസ് നൽകുക, ആർത്തവകാലശുചിത്വം (പെൺകുട്ടികൾക്ക് മാത്രം) പ്രത്യേക ക്ലാസ് വഴി ബോധവത്കരണം നൽകൽ |

## ജീവശാസ്ത്രം - അക്കാദമിക് മാസ്റ്റർ പ്ലാൻ ഹൈസ്കൂൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1)പരിസ്ഥിതി ബോധ-വത്കരണം | പരിസ്ഥിതിദിനത്തിൽ മര-ത്തൈ വെച്ചുപിടിപ്പിക്കൽ, പോസ്റ്റർ മത്സരം | ജൂൺ 5 | ഇക്കോക്ലബ്ബ് ബയോളജി വിഭാഗം | പി.ടി.എ. സയൻസ് ക്ലബ്ബ് |
| 2)ലാബ് ഉപയോഗ നൈപുണ്യങ്ങൾ | ലാബ് സുരക്ഷാപരിശീലനം മൈക്രോസ്കോപ്പ് പരിചയം | ജൂൺ രണ്ടാം ആഴ്ച | ബയോളജി വിഭാഗം | സ്കൂൾ അധ്യാപന ഫണ്ട് |
| 3)ജൈവവൈവിധ്യം പരിചയപ്പെടൽ | സ്കൂൾപരിസരത്തെ സസ്യ-ജന്തുപട്ടിക തയ്യാറാക്കൽ | ജൂലൈ മുഴുവൻ | ബയോളജി വിഭാഗം സയൻസ് ക്ലബ്ബ് | പിടിഎ |
| 4)സസ്യസംരക്ഷണത്തിന് ബോധവത്കരണം | സസ്യോദ്യാനസന്ദർശനം, ഹെർബേറിയംനിർമ്മാണം+ പ്രവർത്തനം | ജൂലൈ അവ സാനം | ബയോളജി വിഭാഗം | പിടിഎ, എസ്.എം. സി |
| 5)ബയോടെക്നോളജി പരിചയം | ലാബ്‌വർക്ക്-ടിഷ്യൂകൾച്ചർ എക്സിബിഷൻ/ ബയോഫെയർ | ആഗസ്റ്റ് ആദ്യ ആഴ്ച | അതിഥി അധ്യാ പകർ | സ്ഥാപന സഹായം/ സിഎസ്ആർ |
| 6)പരിസ്ഥിതി പഠനാനുഭവം | ജലാശയത്തിൽ ഫീൽഡ് സ്റ്റഡി, സാമ്പിൾ ശേഖരണം | ആഗസ്റ്റ് അവ സാനം | ബയോളജി വിഭാഗം, ഇക്കോക്ലബ്ബ് | സയൻസ് ക്ലബ്ബ് |
| 7)ഗവേഷണവൈദഗ്ദ്ധ്യം വളർത്തൽ | വിദ്യാർത്ഥികൾക്ക് ചെറിയ ഗവേഷണപദ്ധതി+പോസ്റ്റർ അവതരണം | ആഗസ്റ്റ് സെപ്തം-ബർ | അധ്യാപകർ | പിടിഎ സയൻസ് ക്ലബ്ബ് |
| 8)അറിവ്-മികവ് പരീക്ഷിക്കൽ | സ്കൂൾതല ബയോളജി ക്വിസ്സ്+മോഡൽപ്രദർശനം | സെപ്തം ബർ പകുതി | സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ്,പൂർവ്വ വിദ്യാർ ത്ഥികൾ |

| | | | | |
|---|---|---|---|---|
| 9)വന്യജീവിസംരക്ഷണം | വൈൽഡ്ലൈഫ് വീക്ക് ഡോക്യുമെന്ററി ചർച്ച, പ്രതിജ്ഞ | ഒക്ടോ. 2-7 | ഇക്കോ ക്ലബ്ബ് | പിടിഎ |
| 10)കരിയർ ബോധവത്കരണം | ജീവശാസ്ത്രത്തിൽ ജോലിഅവസരങ്ങൾ പ്രഭാഷണം | ഒക്ടോ. മൂന്നാം ആഴ്ച | കരിയർ ഗൈഡൻസ് സെൽ | എച്ച്.എം. സി. |
| 11)വിദ്യാർത്ഥി പ്രതിഭാ പ്രദർശനം | വർഷാന്ത്യ സയൻസ് എക്സിബിഷൻ/ ബയോ-ഫെയർ | നവം. രണ്ടാം ആഴ്ച | സയൻസ് ക്ലബ്ബ്, ബയോളജി വിഭാഗം | പിടിഎ ജില്ലാ തല ഗ്രാന്റ് |
| 12)പാഠഭാഗം പുനരാവർത്തനം | പിയർലേണിംഗ് ഗ്രൂപ്പ് റിവിഷൻ, ക്ലാസ്സുകൾ | ജനു വരി- ഫെബ്രു വരി | ബയോളജി വിഭാഗം | സ്കൂൾ അധ്യാ പന ഫണ്ട് |
| 13)പഠനഫലങ്ങൾ രേഖപ്പെടുത്തൽ | വിദ്യാർത്ഥികളുടെ ശാസ്ത്രപത്രിക യങ് ബയോളജിസ്റ്റ് പ്രസിദ്ധീകരണം | മാർച്ച് | അധ്യാപക വിദ്യാർത്ഥി കമ്മറ്റി | പിടിഎ. ലോക്കൽ സ്പോൺ സർമാർ |

ഉപയോഗത്തിന് കുറിപ്പുകൾ:

-പാഠ്യപദ്ധതിയുമായി കൂട്ടിച്ചേർക്കുക-ഓരോ പ്രവർത്തിയും ആ മാസം പഠിപ്പിക്കുന്ന അധ്യായത്തോടൊപ്പം ആസൂത്രണം ചെയ്യുക.

-വിദ്യാർത്ഥികളെ നേതൃത്വം നൽകാൻ പ്രോത്സാഹിപ്പിക്കുക-വിദ്യാർത്ഥികൾക്ക് സംഘാടകൻ, ഡോക്യുമെന്റേഷൻ, ക്ലബ്ബ് സെക്രട്ടറി തുടങ്ങിയ റോളുകൾ നൽകുക

-രേഖകൾ തയ്യാറാക്കുക-ഓരോ പ്രവർത്തനത്തിന്റെയും ലഘു റിപ്പോർട്ടുകൾ, ഫോട്ടോകൾ, റിസൽട്ട് തുടങ്ങിയവ തയ്യാറാക്കുക

-വിവിധ ഫണ്ടിംഗ് ഉറവിടങ്ങൾ ഉപയോഗിക്കുക-പിടിഎ, സയൻസ് ക്ലബ്ബ് ഫണ്ട്, സോഷ്യൽ റെസ്പോൺസിബിലിറ്റി ഗ്രാന്റുകൾ എന്നിവ ചേർത്ത് ഉപയോഗിക്കുക.

## മാത്തമാറ്റിക്സ് - അക്കാദമിക് മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| 1)ആശയധാരണ കൈവരിക്കൽ | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കുന്ന, ചതുഷ് ക്രിയകൾ കൃത്യമായി കുട്ടികളിലേക്ക് എത്തിക്കുന്നു | ജൂൺ ആദ്യം | ടീച്ചേഴ്സ് മുന്നാക്കം നിൽക്കുന്ന കുട്ടികൾ | .. |
| 2)നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിലെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്ത നമാണ് | ടീച്ചർമാർ | ടീച്ചേഴ്സ് ഗ്രാന്റ് |
| 3)ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധി പ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യ പ്പെടുത്തുന്നു | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | മൂന്ന് ടേമിൽ ഓരോ പ്രാവശ്യം | ടീച്ചേഴ്സ് പിടിഎ | പിടിഎ |
| 4)ഗണിതആശയങ്ങളിൽ നിന്ന് ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ,അളവു കൾ പരിചയപ്പെടുത്തൽ | ക്ലബ്ബ് പ്രവർത്തനങ്ങൾ വിവിധ തൊഴിൽമേഖല യുള്ള സംഘടിപ്പിച്ച് കുട്ടികൾക്കായി ശില്പശാല | അക്കാദമിക വർഷ ത്തിൽ ഒന്ന് | ടീച്ചേഴ്സ് പിടിഎ | |
| 5)ഗണിതത്തിലുള്ള താൽപര്യം വളർത്താൻ കുട്ടികളുടെ മികച്ച ഭാവന കൾ പ്രോത്സാഹിപ്പിക്കുക | കുട്ടികളുടെയും ഗണിത ത്തിൽ താല്പര്യമുള്ളവരു ടെയും കൂട്ടായ്മ സംഘടി പ്പിക്കുക | അവധി ദിവസങ്ങൾ | റിട്ടയേഡ് ഗണിത അധ്യാപ കർ | മാത്സ് ക്ലബ്ബ് |
| 6)ഗണിതമത്സരവേദിയി ലേക്ക്-മേളകളിൽ ഊർജ്ജ സ്വലത കൈവരിക്കൽ | മത്സരങ്ങൾക്ക് പ്രാപ്ത രാക്കുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ക്ലബ്ബ് സെക്ര ട്ടറി,ടീച്ചേഴ്സ് പിടിഎ | പിടിഎ |

| | | | | |
|---|---|---|---|---|
| 7)ഗണിതലാബ് | ഗണിതത്തിൽ താല്പര്യം മുള്ള നാട്ടുകാരും കുട്ടി കളും ചേർന്ന് പഠനോപക രണങ്ങൾ സംഘടിപ്പിക്കുന്നു നിർമ്മിക്കുന്നു | മെയ് ജൂൺ ജൂലൈ | ക്ലബ്ബ് സെക്ര ട്ടറി | പിടിഎ |
| 8)രക്ഷിതാക്കളെ ബോധ വത്കരിക്കൽ | മാസത്തിൽ ഒരു പിടിഎ ചെയ്യുന്ന കാര്യങ്ങളുടെ ചുമതല നൽകുന്നു | എല്ലാ മാത്സ് ടീച്ചർമാരും | ടീച്ചേഴ്സ് എച്ച്.എം. പിടിഎ പ്രസിഡന്റ് | |

## Little Kites and IT Club

### 1. Training by the pupils for the pupils

ആയിരങ്ങളാണ് കോഡിംഗിന്റെ ഓൺലൈൻ കോഴ്സ് എന്നുപറഞ്ഞ് വാങ്ങുന്നത്. ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി യു.പി. ക്ലാസ്സിലെ കുട്ടികൾക്ക് സ്ക്രാച്ച് പ്രോഗ്രാമിംഗ്, ഡിജിറ്റൽ പെയിന്റിംഗ്, മലയാളം ടൈപ്പിംഗ് തുടങ്ങിയ മേഖലകളിൽ പരിശീലനം കൊടുക്കാം.

### *2. കാലത്തിനൊപ്പം മുന്നേറാം*

ഗ്രാമീണ മേഖലയിലെ നമ്മുടെ വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്കും ഐ.ടി. മേഖലയിലെ നൂതന അറിവുകളെ പങ്കുവയ്ക്കുന്നതിനുവേണ്ടി പുതിയ കാര്യങ്ങളെക്കുറിച്ച് അറിയുന്നതിനുള്ള ജിജ്ഞാസ വളർത്തുന്നതിന് ക്വിസ്സ് മത്സരം നടത്താവുന്നതാണ്. ഓഫ്ലൈൻ ക്വിസ്സ് മത്സരം സമയപരിമിതി മൂലം കുറച്ച് നാളുകൾക്കുശേഷം അവസാനിച്ചുപോകാൻ സാധ്യതയുള്ളതുകൊണ്ടാണ് ഓൺലൈൻ മത്സരങ്ങൾ നടത്തുകയും അധ്യയന വർഷത്തിന്റെ അവസാനം ഓഫ്ലൈനായി മത്സരം നടത്തി വിജയികൾക്ക് സമ്മാനവിതരണം നടത്തണം.

### 3. Explore to the new worlds

Little Kites, IT ക്ലബ്ബ് കുട്ടികൾക്ക് AI പഠനയാത്ര, സൈബർ സുരക്ഷ മേഖലയിൽ പരിചയസമ്പന്നരായവരുടെ ക്ലാസ്സുകൾ മുതലായ സംഘടിപ്പിക്കണം.

## മേഖല - കലാവിദ്യാഭ്യാസം

ആമുഖം

കുട്ടികളിൽ സർഗ്ഗാത്മകമായ കഴിവുകൾ വളരണമെന്ന് നാം ആഗ്രഹിക്കുന്നത് അവരുടെ കേവലമായ വിനോദവും ആസ്വാദനവും മാത്രം ലക്ഷ്യമിട്ടുകൊണ്ടല്ല. അവരുടെ വളർച്ചയിൽ ഈ ഘട്ടത്തിൽ അറിവും മൂല്യബോധവും സാമൂഹിക നൈപുണിയും പ്രായോഗികശേഷികളും സർഗ്ഗാത്മക ശേഷിയുടെ വികാസം സാധ്യമാക്കാനും കൂടിയാണ്. ചിത്രം, സംഗീതം, നൃത്തം, നാടകം തുടങ്ങിയ മേഖലകളിലൂടെയുള്ള അനുഭവം ചെറുപ്രായം മുതൽ തന്നെ രൂപപ്പെടുത്തിയാൽ കുട്ടികളിൽ ജനാധിപത്യബോധമുള്ള വ്യക്തിത്വം വളർത്തിയെടുക്കുവാൻ നമുക്ക് കഴിയും. ഇതിലൂടെ നമുക്ക് ചുറ്റും നടക്കുന്ന സാമൂഹ്യ വിരുദ്ധ സ്വഭാവങ്ങൾക്ക് അറുതി വരുത്തുവാൻ സാധിക്കും. കുട്ടികളിൽ സ്വത്വബോധവും പ്രതികരണശേഷിയും വർദ്ധിക്കാൻ കല എന്നും അനിവാര്യമാണ്.

പ്രശ്നം-1

കുട്ടികളിൽ വ്യക്തമായ ദൃശ്യ പഠനത്തിനുള്ള സാഹചര്യം ഇല്ല.

ചിത്രകല എന്നത് ദൃശ്യമാധ്യമമായി ബന്ധപ്പെട്ടതാണ്.

| ലക്ഷ്യങ്ങൾ | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാ ക്കുന്ന ഏജൻസി |
|---|---|---|---|---|---|
| വ്യക്തമായ നിരീക്ഷണ ദൃശ്യപഠനം | വൈറ്റ് ബോർഡ് (ഭൗതിക ആവശ്യം) | സ്കൂൾ മേലധി കാരികൾ | ദീർഘം | 25,000 | സ്കൂൾ മേലധികാരി കൾ |
| കാഴ്ചപരമായ പ്രശ്നങ്ങൾ കുറയ്ക്കുന്നതിന് | | കലാ അധ്യാ- പകൻ | | | ബി.ആർ.സി SSA |

പ്രശ്നം-2

ചിത്രകലാപഠനത്തിന് ആവശ്യമായ മെറ്റീരിയലുകളുടെ അഭാവം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തിക | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|---|
| കുട്ടികൾക്ക് രചനയ്ക്കാവശ്യമയ വസ്തുക്കളെ പരിചയപ്പെടാനും അവയുടെ ഉപയോഗരീതിയെപ്പറ്റി പഠിക്കുവാനും | വിവിധ രീതിയിലുള്ള കലാ-പഠന(ചിത്രരചന) മെറ്റീരിയലുകൾ ലഭ്യമാക്കുക, സംഭരിച്ചുവെക്കുക ഉദാ: വാട്ടർകളർ, പോസ്റ്റർകളർ, ഓയിൽകളർ, ക്രയോൺസ് അക്രിലിക്കളർ, ബ്രഷുകൾ, വിവിധയിനം പെൻസിലുകൾ | സ്കൂൾ അധികാരികൾ, BRC SSA, PTA | ദീർഘം | 50,000 | സ്പോൺസർമാർ, പൂർവ്വ വിദ്യാർത്ഥികൾ BRC, SSA PTA, മറ്റ് സ്ഥാപനങ്ങൾ |

പ്രവർത്തനം - 3

കളിയരങ്ങുകൾ സംഘടിപ്പിക്കൽ, അക്കാദമികമായുള്ള പ്രവർത്തനം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തിക | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|---|
| നാടൻ കളികളെ പരിചയപ്പെടുത്തൽ അന്യംനിന്നു പോകുന്ന കലകളെക്കുറിച്ച് കുട്ടികൾക്ക് മനസ്സിലാക്കുവാൻ | പ്രാദേശികതല-ത്തിലുള്ള കലാകാരന്മാരെ കൊണ്ടുവന്ന് കലകളും നൃത്തങ്ങളും സംഗീതവും അവതരിപ്പിക്കൽ | സ്കൂൾ അധ്യാപകർ കലാ അധ്യാപകർ PTA വാർഡ് മെമ്പർ | - | 30,000 | സ്കൂൾ അധികൃതർ |

പ്രവർത്തനം - 4

യാത്രകൾ സംഘടിപ്പിക്കൽ

| ലക്ഷ്യങ്ങൾ | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തിക | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|---|
| കലാസങ്കേതങ്ങളെയും മറ്റും നേരിട്ട് കണ്ട് ബോധ്യപ്പെടുവാനും പഠിക്കുന്നതിനും വേണ്ടി | കലാമ്യൂസിയം ആർട്ട് ഗാലറികൾ, ചരിത്രപ്രാധാന്യമുള്ളതും കലയുമായി ബന്ധപ്പെട്ട സ്ഥലത്തേക്കുള്ള പഠന-ഉല്ലാസയാത്രകൾ സംഘടിപ്പിക്കൽ | സ്കൂൾ അധികാരികൾ, കലാ അധ്യാപകർ PTA | ഹ്രസ്വ കാലം | 50,000 | സ്കൂൾ അധികൃതർ PTA BRC |

## മേഖല - കായിക വിദ്യാഭ്യാസം

കുട്ടികളുടെ ആരോഗ്യ-കായിക വികസനഘട്ടങ്ങളെ ശാസ്ത്രീയമായി പരിശീലിപ്പിക്കുകയും ആരോഗ്യകരമായ ജീവിതശീലങ്ങളും മനോഭാവങ്ങളും വളർത്തിയെടുക്കുക.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|
| ജീവിതശൈലീരോഗങ്ങളെക്കുറിച്ചുള്ള അവലോകനം കൊതുക്, എലി പരത്തുന്ന വിവിധ തരം രോഗങ്ങളെക്കുറിച്ച് ബോധവത്കരണം | കായികാധ്യാപകർ PTA, HM, വിവിധ മേഖലയിൽ പരി-ശീലനം ലഭിച്ചവരെ ഉൾപ്പെടുത്തുക | ഹ്രസ്വ കാലം | 15000 | PTA, HM MPTA കായികാ-ധ്യാപകർ |
| ദൃഷ്യഫലങ്ങൾ കുട്ടികളെ മനസ്സിലാക്കൽ | കായികാധ്യാപകർ PTA, MPTA, | ഹ്രസ്വ കാലം | 15000 | PTA, HM MPTA |
| വിവിധതരം കുട്ടികളെ പരിചയപ്പെടൽ, യോഗ ഗെയിംസ്, ഏറോബിക്സ് മൈനർ ഗെയിംസ്, വിവിധ തരം കളികളെ പരിചയപ്പെടൽ | കായികാധ്യാപകർ | മധ്യ കാലം | 15000 | PTA |
| ഫുട്ബോൾ, വോളിബോൾ എന്നിവയിൽ പരിശീലനം നൽകൽ | കായികാധ്യാപകർ വിവിധ മേഖലകളിൽ പ്രാവീണ്യം നേടിയ കോച്ചുകൾ, പൂർവ്വ വിദ്യാർത്ഥികൾ | ദീർഘ കാലം | 30000 | SSA, RMSA |

## തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ സാമ്പത്തികം |
|---|---|---|---|---|
| 1)ഭാഷാ-മാനവിക-ശാസ്ത്ര | -Virtual Farming കുട്ടികളുടെ പങ്കാളിത്തത്തോടെ വിദ്യാലയത്തിൽ ചെയ്യുക<br>-സ്കിൽ കണ്ടെത്താനുള്ള ശ്രമങ്ങൾ<br>-പൂകൃഷി ചെയ്യുക വിപണി കണ്ടെത്തുക | ആഴ്ചയിൽ 3 ദിവസം | വർക്ക് എഡ്യൂക്കേഷൻടീച്ചർ | SRG<br>PTA<br>കൃഷിഭവൻ |
| 2)എക്സിബിഷൻ നടത്തുക | ശാസ്ത്രമേളക്കായി കുട്ടികളെ തെരഞ്ഞെടുക്കുക പാഠഭാഗത്തോടുചേർന്നുള്ള LED ബൾബ് നിർമ്മാണം പരിശീലിക്കുക | ആഗസ്റ്റ് | വർക്ക് എഡ്യൂ ക്കേഷൻ ടീച്ചർ | ടീച്ചേഴ്സ്<br>പിടിഎ |
| 3)ഉപജില്ല-ജില്ല-സംസ്ഥാന പ്രവൃത്തിപരിചയമത്സരങ്ങൾക്കായി കുട്ടികളെ പിടിഎ തയ്യാറാക്കുക | തെരഞ്ഞെടുക്കപ്പെട്ടവർക്ക് ഒഴിവുദിനങ്ങളിൽ പരിശീലനങ്ങൾ നൽകുക | വെക്കേഷൻ,അവധി ദിനങ്ങൾ | വർക്ക് എഡ്യൂ ക്കേഷൻ ടീച്ചർ | പൂർവ്വ വിദ്യാർത്ഥികൾ, അധ്യാപകർ |

## നാടക ക്യാമ്പ്

അഭിനയം, എഴുത്ത്, സംവിധാനം എന്നിവയിൽ അഭിരുചി ഉള്ള വിദ്യാർത്ഥികളെ കണ്ടെത്തി ഒരു നാടക ക്യാമ്പ് സംഘടിപ്പക്കൽ. ക്യാമ്പിൽ രൂപപ്പെട്ട നാടകം സ്കൂളിൽ അവതരിപ്പിക്കൽ. അവധി ദിവസങ്ങളിലായിരിക്കും ക്യാമ്പ് സംഘടിപ്പിക്കൽ.

## ജൈവ വൈവിധ്യ പാർക്ക്

പ്രകൃതിയെ അറിയാനും പോഷിപ്പിക്കാനുമായി ഒരു ജൈവവൈവിധ്യ പാർക്ക് സ്ഥാപിക്കുക. ഇതിനായി സ്കൂളിൽ സ്ഥലപരിമിതിയുള്ളതിനാൽ സമീപത്തെ വീടുകളെ കൂടി ആശ്രയിക്കുക. ജൈവ വൈവിധ്യ സംരക്ഷണത്തിന്റെ സന്ദേശം വിദ്യാർത്ഥികളിലേക്ക് ഇതുവഴി പകർന്നുനൽകൽ. സ്കൂൾ നേച്ചർ ക്ലബ്ബിനായിരിക്കും ചുമതല.

## ഹൗസ് പി.ടി.എ.കൾ

വിദ്യാർത്ഥികളുടെ വീടുകളിലോ, അംഗനവാടികളിലോ വച്ച് പി.ടി.എ. യോഗം ചേരൽ. ആ പ്രദേശത്തുള്ള രക്ഷിതാക്കളെ യോഗത്തിൽ പങ്കെടുപ്പിക്കൽ. ഇതുവഴി സ്കൂളിന്റെ ജനകീയ അടിത്തറ ഉറപ്പിക്കുക. വർഷത്തിൽ ഒരു തവണ.

## ഗൃഹസന്ദർശനം

വിദ്യാർത്ഥികളുടെ ഭവനങ്ങൾ സന്ദർശിച്ച് അവരുടെ സാഹചര്യം മനസ്സിലാക്കൽ. ക്ലാസ്സ് ടീച്ചർമാർക്കായിരിക്കും ചുമതല. അവരവരുടെ ക്ലാസ്സിലെ കുട്ടികളുടെ വീടുകൾ സന്ദർശിച്ച് വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന സ്റ്റുഡന്റ്സ് ഡാറ്റാ ഡയറി അധ്യാപകർ തയ്യാറാക്കുന്നതാണ്.

## ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ

2 മാസത്തിൽ ഒരിക്കൽ ക്ലാസ്പി.ടി.എ. കൾ കൂടി ക്ലാസ് പഠനങ്ങളും കുട്ടികളുടെ പുരോഗതിയും വിലയിരുത്തുക. ക്ലാസ് പി.ടി.എ.യിൽ നിന്നും 5 പേരെ വീതം തിരഞ്ഞെടുത്ത് ഒരു പി.ടി.എ. ഉപസമിതി ഉണ്ടാക്കുക.

## ഗിഫ്റ്റഡ് ചിൽഡ്രൻ എൻഹാൻസ്മെന്റ് പ്രോഗ്രാം

പ്രതിഭാശേഷിയുള്ള വിദ്യാർത്ഥികളെ കണ്ടെത്തി ഗിഫ്റ്റഡ് ചിൽഡ്രൻ എൻഹാൻസ്മെന്റ് പ്രോഗ്രാമിന് രൂപം നൽകൽ. റിസോഴ്സ് പേഴ്സൺസിനെയും അധ്യാപകരേയും ഉൾപ്പെടുത്തിയായിരിക്കും പരിശീലനം. മികവിന്റെ മേഖലയിലേക്ക് ഇവരെ എത്തിക്കാൻ തരത്തിലുള്ള നിലവാരത്തിലായിരിക്കും പരിശീലനം.

## ഐ.ടി. ലാബ് നവീകരം (യു.പി.)

യു.പി. ഐ.ടി ലാബിൽ നിലവിലുള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്. അതിനാൽ 10 കമ്പ്യൂട്ടറുകൾ ഉൾപ്പെടുത്തിക്കൊണ്ട് ഐ.ടി. ലാബിന്റെ നവീകരണം പൂർത്തിയാക്കേണ്ടതുണ്ട്. എം.എൽ.എ. ഫണ്ടിൽ നിന്ന് ഈ ഫണ്ട് വകയിരുത്തും എന്ന് പ്രതീക്ഷിക്കുന്നു.

## വേസ്റ്റ് പേപ്പർ മാനേജ്മെന്റ് പ്രോഗ്രാം

കുട്ടികൾ അലക്ഷ്യമായി വലിച്ചെറിയുന്ന പേപ്പറുകളും പുസ്തകങ്ങളും ശേഖരിക്കൽ. ഇതിനായി സ്കൂളിൽ ഒരു വേസ്റ്റ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. എല്ലാ കുട്ടികളേയും രക്ഷിതാക്കളേയും ബോധവത്കരിച്ച് പേപ്പറുകൾ ശേഖരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കൽ. ഈ പേപ്പറുകൾ വിറ്റ് കിട്ടുന്ന വരുമാനം കുട്ടികളുടെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ.

## സ്കൂൾ പത്രം പ്രസിദ്ധീകരിക്കൽ

വിദ്യാർത്ഥികളുടെ രചനകളും വിദ്യാലയത്തിന്റെ നേട്ടങ്ങളും പ്രവർത്തനങ്ങളും പൊതുജനങ്ങളിലേക്കെത്തിക്കുക എന്ന ഉദ്ദേശത്തോടെ "ശ്രീകൃഷ്ണ സ്കൂൾ ടൈംസ്" എന്ന പേരിൽ പത്രം പ്രസിദ്ധീകരിക്കൽ. വർഷത്തിൽ 3 തവണയായിരിക്കും പ്രസിദ്ധീകരണം. സ്കൂൾ ലൈബ്രറി കൗൺസിലിനായിരിക്കും ചുമതല.

## ക്വിസ് ക്ലബ്ബ്

ക്വിസ് മത്സരങ്ങളിൽ മികവ് തെളിയിക്കുന്നവരെയും അഭിരുചിയുള്ളവരേയും കണ്ടെത്തി ഒരു ക്വിസ് ക്ലബ്ബിന് രൂപം നൽകൽ. ഇതിനായി വിവിധ ക്വിസ് മത്സരങ്ങളിലെ പ്രകടനം വിലയിരുത്തി അംഗങ്ങളെ തിരഞ്ഞെടുക്കുക. ആഴ്ചയിൽ 2 തവണ ഈ ക്ലബ്ബ് അംഗങ്ങൾ കൂടിയിരുന്ന് പൊതുവിജ്ഞാനവും സമകാലിക സംഭവങ്ങളും ചർച്ച ചെയ്യുക. 2 അധ്യാപകരെ ചുമതല ഏൽപ്പിക്കുക.

## കലാശേഷി വികാസം

സംഗീതം, നൃത്തം, ചിത്രകല, രചന തുടങ്ങിയ വിവിധ കലാമേഖലകളിൽ താൽപര്യവും പ്രതിഭയും പ്രകടിപ്പിക്കുന്നവരെ കണ്ടെത്തി മികച്ച പ്രോത്സാഹനവും സൗകര്യങ്ങളും ഒരുക്കുക. കലോത്സവങ്ങളിൽ പങ്കെടുക്കാനും മികവു പ്രകടിപ്പിക്കാനും വേണ്ട പിന്തുണ നൽകുക. അതിനായി ഓരോ ഇനത്തിനും വ്യത്യസ്ത അധ്യാപകർക്ക് ചുമതല നൽകുക. വിദഗ്ദ്ധ പരിശീലകരെ ഇതിനായി സ്കൂളിലേക്കെത്തിച്ച് ഉന്നത പരിശീലനം നൽകുക.

## ദിനാചരണങ്ങൾ

അക്കാദമിക് വർഷത്തിലെ പ്രസക്ത ദിനങ്ങൾ മുൻകൂട്ടി തയ്യാറാക്കുക. ആ ദിനങ്ങൾ എങ്ങിനെ ആചരിക്കണമെന്ന് ആസൂത്രണം ചെയ്യുക. സ്കൂൾ അസംബ്ലികൾ, പോസ്റ്ററുകൾ, ലഘുലേഖകൾ എന്നീ മാർഗ്ഗങ്ങളിലൂടെ ദിനാചരണങ്ങൾ മികവുറ്റതാക്കുക.

## ഗ്രന്ഥശാല ശാക്തീകരണം

സ്പോൺസർഷിപ്പിലൂടെയും മറ്റുമായി കൂടുതൽ പുസ്തകങ്ങൾ സ്കൂൾ ഗ്രന്ഥശാലയിലേക്ക് വകയിരുത്തൽ ഈ പുസ്തകങ്ങൾ ഭാഷാടസ്ഥാനത്തിലും വിഭാഗാടിസ്ഥാനത്തിലും തരം തിരിച്ച് കാറ്റലോഗും വിതരണ രജിസ്റ്ററും മെമ്പർഷിപ്പ് കാർഡും തയ്യാറാക്കൽ.

## സ്കൗട്ട്-ഗൈഡ്-റെഡ് ക്രോസ് പ്രവർത്തനങ്ങൾ

സ്കൂളിലെ സന്നദ്ധ സേവന സംഘടനകളായ സ്കൗട്ട്-ഗൈഡ്-റെഡ് ക്രോസ് എന്നിവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കൊണ്ടുപോകുക. സാമൂഹ്യസേവനത്തിലൂന്നിയുള്ള പ്രവർത്തനങ്ങൾ ഈ സംഘടനകളിൽ അംഗങ്ങളായ വിദ്യാർത്ഥികളിലൂടെ നടപ്പിലാക്കുക. ശുചീകരണം, മാലിന്യ സംസ്കരണം, പ്രകൃതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ ഇവരുടെ പങ്ക് ഉറപ്പ് വരുത്തുക. ക്യാമ്പുകളും ഹൈക്കുകളും ട്രക്കിംഗുകളും സംഘടിപ്പിക്കുക.

## സ്കോളർഷിപ്പ് പരിശീലനം

യു.എസ്.എസ്. പോലുള്ള വിവിധ സ്കോളർഷിപ്പ് പരീക്ഷകൾക്ക് കുട്ടികളെ സജ്ജരാക്കുന്നതിനായി അദ്ധ്യയന വർഷാരംഭത്തിൽ തന്നെ പരിശീലനം നൽകുക. ഇതിനായി കുട്ടികളെ തിരഞ്ഞെടുത്ത് അധ്യാപകരുടേയും സമൂഹത്തിലെ മറ്റ് പ്രഗല്ഭരുടെയും സഹായത്തോടെ പരിശീലന

പദ്ധതി ആവിഷ്കരിക്കൽ. ഓണാവധി കഴിഞ്ഞ് ആരംഭിക്കുന്ന പരിശീലനം ആഴ്ചയിൽ 3 ദിവസം വൈകുന്നേരം 4 മണിക്ക് ശേഷമായി തുടരുന്നതാണ്.

## തായ്ക്വോണ്ടോ ആയോധനകല പരിശീലനം

ആയോധന കലയായ തായ്ക്വോണ്ടോ പരിശീലനം താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് നൽകൽ. ഇത് ആഴ്ചയിൽ ഒരു ദിവസമായിരിക്കും. ഈ കലയിൽ വിദഗ്ദ്ധനായ പരിശീലകനായിരിക്കും പഠിപ്പിക്കുക.

## ഫിലിം ഫെസ്റ്റിവൽ

കുട്ടികൾ അറിഞ്ഞിരിക്കേണ്ട വിവിധ രാജ്യങ്ങളിലെ പ്രശസ്ത സിനിമകൾ തരം തിരിക്കുക. ഈ സിനിമകൾ ഉൾപ്പെടുത്തി 2 ദിവസം ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുക. ഫിലിം ക്ലബ്ബിനായിരിക്കും ചുമതല. ഫിലിം ഫെസ്റ്റിവലിനോടൊപ്പം ലോക സിനിമകളെക്കുറിച്ച് അവബോധം പകരുന്ന ക്ലാസ്സുകളും സംഘടിപ്പിക്കുക.

## ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

ലഹരിയുടെ സ്വാധീനം ഗ്രാമങ്ങളിൽ ഏറിവരുന്ന പ്രവണതകൾക്കെതിരെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. ലഘുലേഖകൾ, പോസ്റ്ററുകൾ എന്നിവ തയ്യാറാക്കി വിതരണം ചെയ്യുക. ലഹരി വിരുദ്ധ റാലി സംഘടിപ്പിക്കുക. എക്സൈസ്-പോലീസ് വകുപ്പിൽ നിന്നുള്ളവരെ

ക്ഷണിച്ച് ലഹരിക്കെതിരെ ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിക്കൽ. സ്കൂൾ ലഹരി വിരുദ്ധ ക്ലബ്ബിനായിരിക്കും ദൗത്യ നിർവ്വഹണ ചുമതല. സ്കൗട്ട്, ഗൈഡ്, റെഡ് ക്രോസ് എന്നീ സംഘടനകളുടെ പിന്തുണ ഇതിനായി ഉപയോഗിക്കാം.

## ജന്മദിനത്തിനൊരു പുസ്തകം

എല്ലാ വിദ്യാർത്ഥികളും അവരുടെ ജന്മദിനത്തിന് ഒരു പുസ്തകം സ്കൂളിലേക്ക് സംഭാവന ചെയ്യൽ. ഇത് സ്കൂൾ ലൈബ്രറിയിലേക്ക് വകയിരുത്തുന്നതാണ്. ഇതുവഴി കുട്ടികളെ പുസ്തകങ്ങളിലേക്കും വായ നയുടെ ലോകത്തിലേക്കും നയിക്കാൻ സാധിക്കും.

## റിസോഴ്സ് പേഴ്സൺ ലിസ്റ്റ്

സ്കൂൾ പരിസരത്തും ഗ്രാമത്തിലുമുള്ള വിവിധ വിഷയങ്ങളിൽ അവ ഗാഹമുള്ളവരും നേട്ടങ്ങൾ കൈവരിച്ചിട്ടുള്ളവരുമായവരുടെ ഒരു ലിസ്റ്റ് തയ്യാറാക്കുക. ഇവരെ ക്ഷണിച്ചുകൊണ്ട് ഒരു യോഗം വിദ്യാലയത്തിൽ സംഘടിപ്പിക്കുക. വിദ്യാലയത്തിന്റെയും വിദ്യാർത്ഥികളുടെയും പുരോ ഗതിക്കായി ഇവരുടെ അറിവിനെ ഉപയോഗിക്കാൻ സാധിക്കണം. ഇതി നായി ഇവരുടെ പിന്തുണ തേടുക. ഇവർക്ക് സൗകര്യമുള്ള തിയ്യതികൾ തിരഞ്ഞെടുത്ത് കുട്ടികൾക്ക് ഇവരുടെ ക്ലാസ്സുകൾ ഉറപ്പുവരുത്തുക. അതി നായി ഒരു വർഷത്തേക്കുള്ള കലണ്ടർ തയ്യാറാക്കുക. പി.ടി.എ.യുടേ യും, ഒ.എസ്.എ.യുടേയും സഹായം ഇതിന് തേടാവുന്നതാണ്. പി.ടി. എ., എം.പി.ടി.എ. പ്രസിഡന്റുമാർക്കായിരിക്കും പ്രവർത്തന ചുമതല.

## പ്രതീക്ഷിത നേട്ടങ്ങൾ

* നിലവിലുള്ള പഠനാന്തരീക്ഷം കൂടുതൽ മികച്ചതാക്കുക
* സമൂഹത്തിന്റെ പിന്തുണയും പ്രോത്സാഹനവും വിദ്യാലയത്തിലേക്ക് ആകർഷിക്കാൻ കഴിയുക.
* കുട്ടികളുടെ അഭിരുചികളിലുള്ള വ്യത്യാസമനുസരിച്ച് അനുയോജ്യമായ അവസരങ്ങൾ സൃഷ്ടിക്കുക.
* വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിപ്പിക്കുക.
* വ്യക്തിത്വ വികാസത്തിലൂന്നിയുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യുക.

## മോണിറ്ററിംഗ് രീതി

* ദൈനം ദിന മോണിറ്ററിംഗ് എച്ച്.എം., എസ്.ആർ.ജി. കൺവീനർ എന്നിവരുടെ നേതൃത്വത്തിൽ നടത്താം
* ഉദ്യോഗസ്ഥ തലത്തിൽ ചുമതലയുള്ളവർക്ക് സ്കൂൾ തല മോണിറ്ററിംഗ് നടത്താം.
* പി.ടി.എ., ഒ.എസ്.എ. എന്നിവരുടെ നേതൃത്വത്തിൽ സോഷ്യൽ മോണിറ്ററിംഗ് രീതി നടപ്പിലാക്കാം.

## ഉപസംഹാരം

*സാധ്യമാവാത്ത നിരവധി പ്രവർത്തനങ്ങൾ വാരിവലിച്ചെഴുതികൊണ്ടും ഉട്ടോപ്യൻ സ്വപ്നങ്ങൾ കുത്തിനിറച്ചുകൊണ്ടുമുള്ള ഒരു മാസ്റ്റർപ്ലാനല്ല ഈ വിദ്യാലയം തയ്യാറാക്കിയിട്ടുള്ളത്. അതേസമയം തന്നെ എല്ലാ മേഖലയേയും സ്പർശിക്കുന്ന സമഗ്രവുമായ പ്രവർത്തനങ്ങൾ ഈ അക്കാദമിക് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാസ്റ്റർപ്ലാനുകളുടെ തയ്യാറാക്കലുകളല്ല അതിന്റെ നടപ്പാക്കലാണ് പ്രയാസകരവും പ്രാധാന്യമുള്ളതും എന്ന് വിദ്യാലയം തിരിച്ചറിയുന്നു. കൂട്ടായ പ്രവർത്തനങ്ങളിലൂടെയേ ഇത് സാധ്യമാവൂ. ഇതിനായി രക്ഷിതാക്കൾ ഉൾപ്പെടെയുള്ള പൊതുസമൂഹത്തിന്റെ പിന്തുണ അത്യാവശ്യമാണ്. പൊതുവിദ്യാഭ്യാസം കൂടുതൽ ശക്തിപ്പടുത്താനുള്ള യജ്ഞത്തിൽ ഈ വിദ്യാലയവും ആവേശത്തോടെയും അതേസമയം തന്നെ പക്വതയാർന്ന കാഴ്ചപ്പാടോടെയും പങ്കാളികളാവുകയാണ്. ചിട്ടയാർന്ന ആസൂത്രണവും മേൽനോട്ടവുമാണ് ഈ പദ്ധതിയുടെ വിജയം നിർണ്ണയിക്കുക. പൊതുസമൂഹത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും പുരോഗതിക്കായും നന്മയ്ക്കായും എന്നും ഉണർന്നു പ്രവർത്തിച്ചിട്ടുള്ള ഈ വിദ്യാലയം കൂടുതൽ സജ്ജമാവുകയാണ് – കൂടുതൽ മികച്ച നേട്ടങ്ങളിലേക്കായ്...*